# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2314      13.02.2013 ൽ മറുപടിക്ക്

**വാഹനാപകടങ്ങളുടെ അടിസ്ഥാനകാരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ:<br>ശ്രീ. കെ. എം. ഷാജി:<br>ശ്രീ .എൻ. ഷംസുദ്ദീൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദിനംപ്രതിയുണ്ടാകുന്ന വാഹനാപകടങ്ങളുടെ അടിസ്ഥാന കാരണങ്ങളെക്കുറിച്ച് താരതമ്യ പഠനം നടത്താറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വാഹനത്തിന്റെ മെക്കാനിക്കൽ ഡിഫക്ട്, ഡ്രൈവറുടെ അശ്രദ്ധ, അമിത വേഗം, വിശ്രമ രഹിതമായും ഉറക്കമിളച്ചുമുള്ള ഡ്രൈവിംഗ്, മദ്യപിച്ചുള്ള ഡ്രൈവിംഗ്, റോഡിന്റെയും സിഗ്നലിംഗിന്റെയും പ്രകാശ സംവിധാനത്തിന്റെയും തകരാർ എന്നിവയിൽ ഏതിനാണ് മുഖ്യ സ്ഥാനമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന കുറ്റാന്വേഷണ ബ്യൂറോയുടെ റിപ്പോർട്ട് അനുസരിച്ച് 96.76% അപകടങ്ങളും ഡ്രൈവറുടെ അശ്രദ്ധ മൂലമാണ് സംഭവിക്കുന്നത്. 3% അപകടങ്ങൾ റോഡിന്റെ ശോചനീയാവസ്ഥയെത്തുടർന്നും 6% അപടകങ്ങൾ വാഹനത്തിന്റെ ഡിഫക്ട് മൂലവും ഉണ്ടാകുന്നുണ്ട്. |
| (സി) | 2012 ഡിസംബറിൽ മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചതും മനുഷ്യജീവൻ നഷ്ടമായതുമായ ഓരോ അപകടങ്ങൾക്കും ഇടയാക്കിയതായി കണ്ടെത്തിയിട്ടുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ? | (സി) | ഡ്രൈവർമാരുടെ അശ്രദ്ധ, ഉറക്കമിളച്ച് വിശ്രമമില്ലാതെ വാഹനമോടിയ്ക്കുക, അമിതവേഗത, മദ്യപിച്ച് വാഹനമോടിയ്ക്കൽ, മൂന്നുപേർ മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യുന്നതുപോലുള്ള നിയമലംഘനങ്ങൾ, റോഡിലെ കുഴികളും അശാസ്ത്രീയ ഡിവൈഡറുകളും, റോഡ് സാഹചര്യങ്ങൾ മനസ്സിലാക്കാതെയുള്ള ഡ്രൈവിംഗ്, ഇടതു |

| | | | |
|---|---|---|---|
| | | | വശത്തുകൂടെയുള്ള വാഹനം മറികടക്കൽ, സിഗ്നൽ തെറ്റിച്ചുള്ള ഡ്രൈവിംഗ്, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡ്രൈവർമാർക്ക് റോഡിനെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ മനുഷ്യജീവൻ നഷ്ടമാക്കിയ ഓരോ അപകടങ്ങൾക്കും കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ